ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 02.12.2024**

## പ്രധാനവാർത്തകൾ

1. പാർലമെൻറിൻറെ ശീതകാല സമ്മേളനം തുടർച്ചയായി പ്രക്ഷുബ്ധമാകുന്ന സാഹചര്യം പരിഹരിക്കാൻ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുമായി ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് കൂടിക്കാഴ്ച നടത്തി.

2. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് വടക്കൻ ജില്ലകളിൽ ചുവപ്പ് ജാഗ്രത. കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

3. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് മന്ത്രി വി. അബ്ദുറഹിമാൻ.

4. വ്യവസായ മേഖലയിൽ അവകാശ കൈമാറ്റവുമായി ബന്ധപ്പെട്ട നിയമങ്ങൾ ലഘൂകരിച്ചതായി മന്ത്രി പി രാജീവ്.

5. ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C- മുഹമ്മദൻ S.C പോരാട്ടം.

***************************

RNU TVPM

## പാർലമെൻറ് - ഓം ബിർള

പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിലെ സ്തംഭനാവസ്ഥ പരിഹരിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് ഉച്ചയ്ക്കുശേഷം പാർലമെൻറ് ഹൗസിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ സഭാ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. യോഗത്തിൽ,സഭയുടെ സുഗമമായ പ്രവർത്തനത്തിന് സഹകരിക്കണമെന്ന് സ്പീക്കർ എല്ലാ അംഗങ്ങളോടും അഭ്യർത്ഥിച്ചു. സ്പീക്കറുടെ അഭ്യർത്ഥന നേതാക്കൾ അംഗീകരിച്ചു. പ്രതിപക്ഷ നിരയിലെ മിക്ക നേതാക്കളും കൂടിക്കാഴ്ചയിൽ പങ്കെടുത്തു .തുടർന്ന് പാർലമെൻ്റിന് പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിച്ച പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു, ഭരണഘടനാ വിഷയത്തിൽ ലോക്സഭയിൽ ഈ മാസം 13, 14 തീയതികളിലും രാജ്യസഭയിൽ 16 നും 17 നും പ്രത്യേക ചർച്ച നടക്കുമെന്ന് അറിയിച്ചു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് -പാർലമെൻറിൻറെ ഇരുസഭകളും ഇന്നും ഉച്ചയോടെ പിരിഞ്ഞു.

**************************

RNU TVPM

## മഴ ജനറൽ

ഫെൻജൽ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യത. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ,കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, എറണാകുളം, ഇടുക്കി, തൃശൂർ, ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ചുവപ്പു ജാഗ്രത പ്രഖ്യാപിച്ച സ്ഥലങ്ങളിൽ മലവെള്ളപ്പാച്ചിലിനും മിന്നൽപ്രളയത്തിനും സാധ്യതയുള്ളതിനാൽ മലയോര പ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണം. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയും പ്രവചിക്കുന്നുണ്ട്. കേരള-കർണ്ണാടക തീരത്ത് മറ്റന്നാൾ വരെയും

ലക്ഷദ്വീപ് തീരത്ത് ഈ മാസം അഞ്ചുവരെയും മീൻപിടിക്കാൻ പോകരുത്. കാസർകോട് ജില്ലയിൽ നാളെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു

***************************

## മുഖ്യമന്ത്രി - മഴ

കേരളത്തിൽ അതിതീവ്ര മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. എല്ലാ ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അവശ്യഘട്ടങ്ങളിൽ 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

***************************

## മലപ്പുറം-മഴ

മലപ്പുറം വഴിക്കടവ് കനത്ത മഴയിൽ ആദിവാസി നഗർ ഒറ്റപ്പെട്ടു. പുന്നപ്പുഴയിൽ ജലനിരപ്പ് ഉയർന്നതോടെയാണ് വഴിക്കടവ് പുഞ്ചക്കൊല്ലി, അളക്കൽ നഗറുകൾ ഒറ്റപ്പെട്ടത്. 2018 ലുണ്ടായ പ്രളയത്തിൽ ഈ മേഖലയിലെ കോൺഗ്രീറ്റ് പാലം ഒലിച്ചുപോയിരുന്നു. മുളകൊണ്ടുണ്ടാക്കിയ ചങ്ങാടമാണ് പുന്നപ്പുഴ കടക്കാൻ ഇവിടെയുള്ളവർ ഉപയോഗിച്ചിരുന്നത്. എന്നാൽ, ജലനിരപ്പ് വർദ്ധിച്ചതോടെ ചങ്ങാടത്തിൽ പുഴകടക്കാൻ സാധിക്കാത്ത സ്ഥിതിയാണ്.

***************************

## ഇടുക്കി ശബരിമല

കനത്ത മഴയെ തുടർന്ന് ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിലൂടെയുള്ള യാത്ര താൽക്കാലികമായി നിരോധിച്ചു. ഇതുവഴി പോകാനെത്തിയ അയ്യപ്പ ഭക്തർക്കായി താൽക്കാലിക ഷെൽട്ടർ സംവിധാനം ഏർപ്പെടുത്തി.

***************************

RNUTVPM

## മഴ -പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ മലയോര മേഖലകളിലുൾപ്പെടെ മഴ തുടരുന്നു. ശബരിമലയിൽ ശക്തമായ മഴയ്ക്ക് കുറവ് വന്നിട്ടുണ്ട്. മഴമുന്നറിയിപ്പിൽ മാറ്റംവന്നതിനാൽ നേരത്തെ പമ്പാനദിയിലെ സ്നാനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം ഒഴിവാക്കി. പ്രതികൂല സാഹചര്യത്തെ നേരിടാൻ പമ്പയിലും സന്നിധാനത്തും ദേശീയദുരന്തനിവാരണ സേനയിലെ 79 പേരുടെ സംഘം സജ്ജമാണ്.

**************************

## കോഴിക്കോട് -മഴ (ഇൻട്രോ)

കോഴിക്കോട് ജില്ലയിൽ മലയോര മേഖലയിൽ രാവിലെ മുതൽ മേഘാവൃതമായ അന്തരിക്ഷമായിരുന്നെങ്കിലും ഉച്ചയോടെ തുടങ്ങിയ മഴ പലയിടങ്ങളിലും വൈകിട്ടും തുടരുകയാണ്. ഒറ്റപെട്ട യിടങ്ങളിൽ മഴ ശക്തമാണ് മഴക്കെടുതികൾ എവിടെയും റിപ്പോർട്ട് ചെയ്തിട്ടില്ല നഗര മേഖലയിൽ മഴ കുറവാണ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(വോയ്സ്)

**************************

## മഴ - കണ്ണൂർ

കണ്ണൂർ ജില്ലയിൽ മഴയെത്തുടർന്ന് കനത്ത ജാഗ്രത തുടരുന്നു. പഴശ്ശി റിസർവോയറിൽ അധിക ജലം ഒഴുകി എത്തുന്നതിനാൽ നാളെ രാവിലെ എട്ട് മണി മുതൽ ഡാമിന്റെ ഷട്ടറുകൾ തുറക്കുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

**************************

## മഴ -കോട്ടയം

കോട്ടയത്ത് മഴയെത്തുടർന്ന് വിവിധ സ്ഥലങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. പുതുപ്പള്ളി കൊട്ടരത്തിൽ കടവിൽ റോഡിൽ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു. മീനച്ചിലാറിലും

RNU TVPM

മണിമലയാറിലും ജലനിരപ്പ് ഉയർന്നു. പാലായിലും കാഞ്ഞിരപ്പള്ളിയിലും മറ്റു കിഴക്കൻ ഭാഗങ്ങളിലും മഴ തുടരും.

**************************

## മണിമല

പത്തനംതിട്ട ജില്ലയിൽ മണിമല നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. മേഖലയിൽ ഓറഞ്ചു ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ മുറിച്ചു കടക്കാനോ പാടില്ല എന്നും നിർദ്ദേശത്തിൽ പറയുന്നു.

**************************

## കായികമേള മാറ്റിവെച്ചു

അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി സാമൂഹിക നീതി വകുപ്പിന്റെ നേതൃത്വത്തിൽ

നാളെ കാസർഗോഡ് പരവനടുക്കം മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ നടത്താനിരുന്ന ഭിന്നശേഷി കായികമേള മാറ്റിവെച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്താണ് തീരുമാനം.

RIU TVPM

**************************

## വി. അബ്ദുറഹിമാൻ

തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ എപ്പോഴും മുൻഗണന നൽകുന്നതെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണ പദ്ധതിയുടെ ഉദ്ഘാടനം മലപ്പുറത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകളിലെയും തൊഴിലാളികളെ മികച്ച രീതിയിൽ പരിഗണിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്ഷേമനിധികളിൽ നിന്നുള്ള ആനുകൂല്യങ്ങളിൽ ഒരു കുറവും വരുത്താതെയാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും മന്ത്രി പറഞ്ഞു.

**************************

## ഭിന്നശേഷി - പുരസ്കാരം

ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള ദേശീയ പുരസ്കാരം അന്താരാഷ്ട്ര ഭിന്നശേഷിദിനമായ നാളെ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും.
മൊത്തം 22 പേർക്കും 11 സ്ഥാപനങ്ങൾക്കുമാണ് ദേശീയ പുരസ്കാരം നൽകുന്നത്. തുടർന്ന് ഭിന്നശേഷി വിഭാഗത്തിൻറെ ശാക്തീകരണത്തിനായി സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കുന്ന നിരവധി ക്ഷേമ പദ്ധതികൾ മന്ത്രി വീരേന്ദ്ര കുമാർ ചടങ്ങിൽ അവതരിപ്പിക്കും.

***************************

## ഉണർവ്വ് -2024 (ഇൻട്രോ)

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഉണർവ്വ് -2024 ന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ ബിന്ദു നാളെ തൃശൂരിൽ നിർവഹിക്കും . വി കെ എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് വിതരണം നടക്കുമെന്ന് മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു.
(ഹോൾഡ് )

RNU TVPM

***************************

## ആശ്രിത നിയമനം

ചെങ്ങന്നൂർ മുൻ എംഎൽഎ കെ കെ രാമചന്ദ്രൻ നായരുടെ മകൻറെ ആശ്രിത നിയമനം റദ്ദാക്കിയ ഹൈക്കോടതി വിധി സുപ്രീംകോടതി ശരി വച്ചു. ഹൈക്കോടതി വിധിയ്ക്കെതിരെ സംസ്ഥാന സർക്കാർ നല്കിയ അപ്പീൽ സുപ്രീം കോടതി തള്ളി. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ചാണ്

കേസ് പരിഗണിച്ചത്. 2018 ലാണ് മുൻ എം.എൽ.എ യുടെ മകന് ആശ്രിത നിയമനത്തിലൂടെ ജോലി നല്കിയത്.

**************************

## മന്ത്രി പി രാജീവ് (ഇൻട്രോ)

വ്യവസായ മേഖലയിൽ അവകാശ കൈമാറ്റവുമായി ബന്ധപ്പെട്ട നിയമങ്ങൾ ലഘൂകരിച്ചതായി മന്ത്രി പി രാജീവ്. ഈ മാസം 31 നകം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അലോട്ട് ചെയ്യാൻ നിർദ്ദേശം നൽകിയതായും അദ്ദേഹം വ്യക്തമാക്കി.

ഫെബ്രുവരിയിൽ നടത്തുന്ന Invest Kerala Global Summit ന് മുന്നോടിയായി കേരളത്തിൽ നിലവിൽ 100 മുതൽ 500 കോടി വരെ നിക്ഷേപമുള്ള കമ്പനികൾ പങ്കെടുക്കുന്ന Investor Conclave ന്റെ ഉദ്ഘാടനം എറണാകുളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

RNU TVPM

**************************

## കരുവന്നൂർ-ജാമ്യം

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിലെ പ്രതികൾക്ക് ജാമ്യം. പി.ആർ അരവിന്ദാക്ഷൻ, സി.കെ ജിൽസ് എന്നിവർക്കാണ് ഹൈക്കോടതി ജാമ്യം അനുവദിച്ചത്. ഇ.ഡി രജിസ്റ്റർ ചെയ്ത കേസിലാണ് ജാമ്യം.

**************************

## ഐഎസ്എൽ

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C, മുഹമ്മദൻ S.C യെ നേരിടും. രാത്രി ഏഴരയ്ക്ക് ജംഷഡ് പൂരിലാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ ബെംഗളൂരു എഫ് സി - ഒഡിഷ എഫ് സിയെ 2 ഗോളുകൾക്ക് പരാജയപ്പെടുത്തി.

**************************

## ബീമാപള്ളി ഉറൂസ്

തിരുവനന്തപുരത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ബീമാപള്ളി ദർഗാ ഷെരീഫിലെ ഉറൂസിന് നാളെ കൊടിയേറും. ഉറൂസ് പ്രമാണിച്ച് നാളെ തിരുവനന്തപുരം നഗരസഭ പരിധിയിലെ എല്ലാ സംസ്ഥാന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ പ്രാദേശിക അവധി നൽകി. മുൻ നിശ്ചയപ്രകാരമുള്ള പൊതുപരീക്ഷകൾക്ക് അവധി ബാധകമായിരിക്കില്ല. ബീമാപള്ളിയിലേക്ക് കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസ് നടത്തും.

***************************

**************

****

RNU TVPM